# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

PATRON K. MURALEEDHARAN M.P | PRESIDENT K.P DHANAPALAN Ex.M.P 9447083300 | WORKING PRESIDENT Adv. SIBYKUTTY FRANCIS 9447303578 | GENERAL SECRETARY NAZEER.M 9447241503


No. KEEC/GL/2024/20

തിരുവനന്തപുരം
18.06.2024

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം : - സേഫ്റ്റി ചർച്ചകളിൽ രജിസ്ട്രേഡ് സംഘടനകളെ വിളിക്കുന്നത് സംബന്ധിച്ച്**

KSEBL ചില വിഷയങ്ങളിൽ മാത്രമാണ് എല്ലാ രജിസ്ട്രേഡ് സംഘടനകളുടേയും അഭിപ്രായം തേടുന്നത്. എന്നാൽ മറ്റ് ചില പ്രധാനപ്പെട്ട വിഷയങ്ങളിൽ എല്ലാ രജിസ്ട്രേഡ് സംഘടനകളുടേയും വിളിക്കുന്നില്ലായെന്നത് പ്രതിഷേധാർഹമാണ്. 2015 ലെ റഫറണ്ടത്തിനുശേഷം അംഗീകാരമുള്ള സംഘടനകളെ മാത്രമാണ് സേഫ്റ്റി സംബന്ധിച്ച ചർച്ചകളിൽ വിളിച്ചിരുന്നതെന്നത് സത്യമാണ്. 2015 ലെ റഫറണ്ടത്തിൽ അംഗീകാരമുള്ള 3 സംഘടനകളും കൂടി ചേരുമ്പോൾ 90% ലും അധികമായിരുന്നു പ്രാതിനിധ്യം. എന്നാൽ 2022 ലെ റഫറണ്ടത്തിനുശേഷം അംഗീകാരമുള്ളവർ 53% വും ബാക്കി 47% ആണ്. ഈ സാഹചര്യത്തിൽ സുപ്രധാന വിഷയങ്ങളിൽ ജീവനക്കാരുടെ പ്രാതിനിധ്യം വേണമെങ്കിൽ എല്ലാ രജിസ്ട്രേഡ് സംഘടനകളേയും ചർച്ചയ്ക്ക് വിളിക്കേണ്ടതാണ്.

ബോർഡിലെ ജീവനക്കാരുടെ പ്രത്യേകിച്ച് ഫീൽഡ് ജീവനക്കാരെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് സുരക്ഷ. ഇതുമായി ബന്ധപ്പെട്ട ചർച്ചകളിൽ KSEBL രജിസ്ട്രേഡ് ട്രേഡ് യൂണിയനുകളെ വിളിക്കുന്നില്ലായെന്നുള്ളത് പ്രതിഷേധാർഹമാണ്. ഞങ്ങൾക്ക് ജീവനക്കാരുടെ നിരവധി പ്രശ്നങ്ങളും നിലപാടുകളും വ്യക്തമാക്കേണ്ടതുണ്ട്. ബോർഡ് തലത്തിൽ സേഫ്റ്റി കമ്മീഷ്ണർ വിളിക്കുന്ന ചർച്ചയിൽ ഇതുമായി യാതൊരു ബന്ധവുമില്ലാത്ത, അംഗീകാരമോ, ട്രേഡ് യൂണിയൻ പരിരക്ഷയോ, ID ആക്ട് പരിരക്ഷയോ ഇല്ലാത്ത ഓഫീസർ സംഘടനകളെ വരെ വിളിക്കുന്നുണ്ട്. ഒരു ചീഫ് എഞ്ചിനീയറോ, എക്സിക്യൂട്ടീവ് എഞ്ചിനീയറോ ഡ്യൂട്ടിക്കിടയിൽ അപകടത്തിൽ മരിച്ചിട്ടില്ല. അപകടത്തിൽപ്പെട്ടിട്ടുമില്ല, പെടത്തുമില്ല. എന്നിട്ടും ഓഫീസർ സംഘടന

പ്രതിനിധികളെവരെ ചർച്ചയ്ക്ക് വിളിക്കുന്നു. പക്ഷേ രജിസ്ട്രേഡ് ട്രേഡ് യൂണിയൻ പ്രതിനിധികളെ ചർച്ചയ്ക്ക് വിളിക്കുന്നുമില്ല. അപകടം സംഭവിക്കുന്നത് മുഴുവൻ വർക്കുമെൻ വിഭാഗത്തിൽ പ്പെട്ടവർക്ക് മാത്രം, പ്രത്യേകിച്ചും ഇലക്ട്രിസിറ്റി വർക്കറും, ലൈമാൻമാനും. ഈ സാഹചര്യത്തിൽ മേൽ വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന വർക്കുമെൻ വിഭാഗത്തിൽപ്പെടുന്ന സംഘടനകളെ സേഫ്റ്റി സംബന്ധിച്ച ബോർഡ്, സർക്കിൾ, ഡിവിഷൻ സെക്ഷൻതല ചർച്ചകളിൽ പങ്കെടുപ്പിക്കു ന്നതിനുള്ള ഉത്തരവിറക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | നസീർ.എം<br>ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES' CONFEDERATION
Reg: No. 01-14/87
AFFI. No 10485
★ INTUC ★